വൈദ്യുതി മുടങ്ങും

കോഴിക്കോട്: കൊടുവള്ളി സെക്ഷനിൽ പുറംമ്പാളി, പന്നിക്കോട്ടൂർ ആയുർവേദ, പന്നിക്കോട്ടൂർ എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ 8.00 മുതൽ വൈകിട്ട് 5.00 വരെയും ഉണ്ണികുളം സെക്ഷനിൽ എം.എം പറമ്പ്, എം.എം പറമ്പ് റേഷൻ ഷോപ്പ്, എം.എം പറമ്പ് പോസ്റ്റ് ഓഫീസ്, എം.എം പറമ്പ് ടവർ പരിസരങ്ങളിൽ രാവിലെ 8.00 മുതൽ വൈകിട്ട് 5.00 വരെയും കൊയിലാണ്ടി നോർത്ത് സെക്ഷനിൽ കൊയിലാണ്ടി സബ്സ്റ്റേഷൻ മുതൽ ഭപ്പൻകാട് വരെ, കൊയിലാണ്ടി മാർക്കറ്റ് മുതൽ അരങ്ങാടത്ത് മാടാച്ചിറ വരെ, കൊയിലാണ്ടി ഐടിഐ റോഡ് മുതൽ നടക്കൽ വരെ രാവിലെ 7.00 മുതൽ വൈകിട്ട് 5.00 വരെയും വെള്ളിമാടുകുന്ന് സെക്ഷനിൽ മൂഴിക്കൽ, പറമ്പിൽ ബസാർ, മാധ്യമം പ്രസ് പരിസരത്ത് രാവിലെ 6:00 മുതൽ 9.00 വരെയും നാളെ വൈദ്യുതി മുടങ്ങും.

അധ്യാപക നിയമനം

മുക്കം: നരിക്കുനി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ സംസ്കൃതം (എച്ച്.എസ്.ടി) താൽക്കാലിക നിയമനം നടത്തുന്നു. അഭിമുഖം വ്യാഴം 10.30ന് താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ ഓഫിസിൽ ഹാജരാകണം.

നഗരസഭയുടെ സിറ്റി സൈക്കിൾ പദ്ധതി ഷെഡിൽ തന്നെ; വിജിലൻസ് അന്വേഷണം വരുന്നു

കോഴിക്കോട്: നഗരത്തിലെ ഹരിത ഗതാഗതം പ്രോത്സാഹിപ്പിക്കാനും സ്ത്രീകൾക്ക് സുരക്ഷിതവും കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഒരുക്കാനുമായി കോഴിക്കോട് കോർപ്പറേഷൻ പ്രഖ്യാപിച്ച ഒരുകോടിയുടെ സിറ്റി സൈക്കിൾ പദ്ധതി നാല് വർഷം കഴിഞ്ഞിട്ടും ഷെഡിൽ തന്നെ. സൈക്കിളുകളിൽ മുക്കാലോളം നശിച്ചു കഴിഞ്ഞു.

ബേപ്പൂർ, പുതിയറ, മാറാട്, ചെലവൂർ, ആഴ്ചവട്ടം, സരോവരം, ഗോതീശ്വരം, മാനാഞ്ചിറ, എരഞ്ഞിപ്പാലം, നെയ്ത്തുകുളങ്ങര എന്നി പത്ത് കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടത്. എന്നാൽ ചെലവൂർ, എരഞ്ഞിപ്പാലം, മാറാട്, നെയ്ത്തുകുളങ്ങര എന്നിവിടങ്ങളിൽ മാത്രമാണ് ഷെഡുകൾ നിർമിച്ചത്. ചിലയിടങ്ങളിൽ ഷെഡുകളുടെ നിർമാണം പൂർത്തിയായിട്ടില്ല. ചില വാർഡുകളിൽ ഷെഡിനായി സ്ഥലം പോലും കണ്ടെത്താനായിട്ടില്ല. മറ്റ് വാർഡുകളിലേക്ക് കൈമാറിയ 120 സൈക്കിളുകൾ ഷെഡില്ലാത്തതിനാൽ സുരക്ഷിതമായി സൂക്ഷിക്കാനാകാതെ വിവിധ വാർഡുകളിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഏറെക്കാലമായി ഉപയോഗിക്കാതെ കിടക്കുന്നതിനാൽ പല സൈക്കിളുകൾക്കും കേടുപാടുകൾ സംഭവിച്ചു.

● കോഴിക്കോട് കോർപ്പറേഷന്റെ സിറ്റി സൈക്കിൾ പദ്ധതിയുടെ ഭാഗമായി വാങ്ങിയ സൈക്കിളുകൾ കൂട്ടിയിട്ടിരിക്കുന്നു.

2022 ഓഗസ്റ്റിലാണ് കോർപ്പറേഷൻ പദ്ധതി പ്രഖ്യാപിച്ചത്. പ്രധാനമായും സ്ത്രീകളെ ലക്ഷ്യമിട്ട പദ്ധതി 2023 ഫെബ്രുവരിയോടെ പ്രവർത്തനസജ്ജമാകുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ കരാറുകാരെ ലഭിക്കാത്തതും ഷെഡുകൾക്കായി സ്ഥലം കണ്ടെത്തുന്നതിലെ കാലതാമസവും പദ്ധതിക്ക് തിരിച്ചടിയായി. ഓരോ വാർഡിലും ഏകദേശം 2.5 ലക്ഷം രൂപ ചെലവിലാണ് സൈക്കിൾ ഷെഡുകൾ നിർമിക്കുന്നത്. കുടുംബശ്രീയുടെ സഹകരണത്തോടെ ഓരോ കേന്ദ്രത്തിന്റെയും നടത്തിപ്പ് കുടുംബശ്രീ അംഗങ്ങളെ ഏൽപ്പിക്കാനായിരുന്നു തീരുമാനം. രാവിലെ ഏഴ് മുതൽ വൈകിട്ട് ഏഴ് വരെ സൈക്കിളുകൾ വാടകയ്ക്ക് നൽകാനും പദ്ധതിയിട്ടിരുന്നു. ആദ്യ ഒരു മണിക്കൂറിന് 20 രൂപ, രണ്ട് മണിക്കൂറിന് 30 രൂപ, മൂന്ന് മണിക്കൂറിന് 40 രൂപ എന്നിങ്ങനെയായിരുന്നു വാടക. തുടർന്ന് ഓരോ മണിക്കൂറിനും 15 രൂപ വീതം അധികം ഈടാക്കാനും തീരുമാനിച്ചിരുന്നു. മൊബൈൽ ആപ്പും ജി.പി.എസ് സംവിധാനവും ഉൾപ്പെടുത്തിയായിരുന്നു പദ്ധതി വിഭാവനം ചെയ്തത്.

എന്നാൽ, പദ്ധതി പ്രഖ്യാപിച്ച് നാലു വർഷം പിന്നിട്ടിട്ടും പത്ത് കേന്ദ്രങ്ങളിലൊന്നിലും ഒരു ദിവസം പോലും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ യാത്രാസൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത പദ്ധതിയാണിപ്പോൾ തുരുമ്പിക്കുന്നത് വാങ്ങിക്കൂട്ടാൻ കോർപ്പറേഷന് വലിയ ആവേശമാണ്. പക്ഷേ അത് ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ നടപ്പാക്കുന്നില്ലെന്ന് ഇപ്പോഴത്തെ കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് എസ്.വി.സയ്യിദ് ഷമീൽ തങ്ങൾ ആരോപിച്ചു.

കോർപ്പറേഷൻ കൊട്ടിഘോഷിച്ച് നടപ്പാക്കിയ 1.75 കോടി രൂപയുടെ സിറ്റി സൈക്കിൾ പദ്ധതിയിൽ ഗുരുതര ക്രമക്കേടുകൾ നടന്നെന്നാരോപിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് ബി.ജെ.പി. പരാതി നൽകിയതോടെ ഇനി അന്വേഷണവും നടക്കും. ബി.ജെ.പി. കോഴിക്കോട് സിറ്റി ജില്ലാ പ്രസിഡന്റ് അഡ്വ.കെ.പി. പ്രകാശ് ബാബു പരാതി നൽകിയത്. ആദ്യഘട്ടമെന്ന നിലയിൽ പത്തോളം വാർഡുകളിൽ ഒരു സൈക്കിളിന് 7500 രൂപവെച്ചുകൊണ്ട് 200 സൈക്കിൾ വാങ്ങിച്ചത്. ഒരു സൈക്കിളിന് 7,500 രൂപ നിരക്കിലാണ് വാങ്ങിയതെന്നും സമാന സൈക്കിളുകൾക്ക് വിപണിയിൽ 3,500 മുതൽ 4,000 രൂപ വരെയാണ് വിലയെന്നും ഇതുവഴി മാത്രം ലക്ഷക്കണക്കിന് രൂപയുടെ അധിക ചെലവുണ്ടായതായും പ്രകാശ് ബാബു ആരോപിച്ചു.

മെഡിക്കൽ കോളജ് വികസന സമിതിയിൽ നിന്നും രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ ഒഴിവാക്കിയ UDF സർക്കാർ തീരുമാനത്തിനെതിരെ
എൽഡിഎഫ് നേതൃത്വത്തിൽ
കോഴിക്കോട് മെഡിക്കൽ കോളേജ്
മാർച്ച്
2026 SEPT 22
LDF കോഴിക്കോട് ജില്ലാ കമ്മിറ്റി
● മെഡിക്കൽ കോളജ് വികസന സമിതിയിൽ നിന്നും രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ ഒഴിവാക്കിയ യു.ഡി.എഫ്. സർക്കാർ തീരുമാനത്തിനെതിരെ എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് നടത്തിയ മാർച്ച.

എൽ.ഡി.എഫ് മെഡിക്കൽ കോളജ് മാർച്ച്

കോഴിക്കോട്: മെഡിക്കൽ കോളജ് വികസന സമിതിയിൽ നിന്നും രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ ഒഴിവാക്കിയ യു.ഡി.എഫ്. സർക്കാർ തീരുമാനത്തിനെതിരെ എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളജ് മാർച്ച് നടത്തി. സി.പി.ഐ.എം ജില്ലാ സെക്രട്ടറി എം.മെഹബൂബ് ഉദ്ഘാടനം ചെയ്തു. എൽ.ഡി.എഫ് ജില്ലാകൺവീനർ മുക്കം മുഹമ്മദ്, സി.പി.ഐ. ജില്ലാ സെക്രട്ടറി പ.ഗവാസ്, സി.പി.ഐ.എം ജില്ലാ സെക്രട്ടറിയേറ്റ് അംഗം ടി.വിശ്വനാഥൻ തുടങ്ങിയ നേതാക്കളും പ്രതിഷേധം മാർച്ചിൽ പങ്കെടുത്ത് സംസാരിച്ചു.

കൊയ്ത്തുത്സവം സംഘടിപ്പിച്ചു

പേരാമ്പ്ര: ചാത്തോത്ത്താഴ ഇരട്ടക്കുളം പാടശേഖര സമിതിയുടെ നേതൃത്വത്തിൽ കന്നി നെൽക്കൃഷിയുടെ കൊയ്ത്തുത്സവത്തിൻറെ ഉദ്ഘാടനം നൊച്ചാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ഷിജി കൊട്ടാരക്കൽ നിർവഹിച്ചു. വാർഡ് മെമ്പർ എൻ ഷാജു അദ്ധ്യക്ഷനായിരുന്നു. ജിജോ ജോസഫ്, ചന്ദ്രൻ മുണ്ടോളി, കുഞ്ഞേക്കൻ, അശോകൻ കരിമ്പിൽ, കുഞ്ഞിമൊയ്തി കേളോത്ത് പി രാഘവൻ എം.വിജയൻ സംസാരിച്ചു. കർഷക തൊഴിലാളികളായ ജാനകി, സരള എന്നിവരെ ആദരിച്ചു.

പെരുവണ്ണാമുഴി പ്ലാന്റേഷൻ മുതുകാട് റോഡ് നിർമ്മാണം പുനരാരംഭിച്ചു

പെരുവണ്ണാമുഴി: നാളുകളായുള്ള കാത്തിരിപ്പിനും അനിശ്ചിതത്വങ്ങൾക്കും വിരാമമിട്ട് പെരുവണ്ണാമുഴി പ്ലാന്റേഷൻ മുതുകാട് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ വീണ്ടും ആരംഭിച്ചു.

കഴിഞ്ഞ ദിവസം ജനപ്രതിനിധികളും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരും നിർമ്മാണച്ചുമതലയുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രതിനിധികളും പങ്കെടുത്ത ഏകോപിത യോഗത്തെ തുടർന്നാണ് സ്തംഭിച്ചുനിന്ന പ്രവൃത്തി പുനരാരംഭിക്കാൻ തീരുമാനമായത്. പ്രദേശവാസികളുടെ യാത്രാദുരിതത്തിന് പരിഹാരം കാണുന്നതിന് ജനപ്രതിനിധികളുടെ അടിയന്തര ഇടപെടലാണ് നിർമ്മാണത്തിന് വീണ്ടും ജീവൻ വെപ്പിച്ചത്. റോഡിന്റെ ബാക്കികിടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും ഗുണനിലവാരം ഉറപ്പുവരുത്തുമെന്നും യോഗത്തിൽ ULCCS പ്രതിനിധികൾ ഉറപ്പുനൽകി. യാത്രാതടസ്സങ്ങൾ പൂർണ്ണമായി ഒഴിവാക്കി എത്രയും വേഗം റോഡ് ഗതാഗതയോഗ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. മഴക്കാലത്തിനു മുന്നോടിയായി അല്ലെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ ആവശ്യമായ ജീവനക്കാരെയും യന്ത്ര സാമഗ്രികളെയും സജ്ജമാക്കി പ്രവൃത്തികൾ വേഗത്തിലാക്കാനാണ് കരാർ കമ്പനിയുടെ തീരുമാനം.

● പെരുവണ്ണാമുഴി പ്ലാന്റേഷൻ മുതുകാട് റോഡ് പണി പുനരാരംഭിച്ചപ്പോൾ.

റോഡ് നിർമ്മാണം പുനരാരംഭിച്ചതോടെ പ്രദേശവാസികളും പ്ലാന്റേഷൻ തൊഴിലാളികളും വലിയ ആശ്വാസത്തിലാണ്. വർഷങ്ങളായി നേരിടുന്ന ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകുമെന്ന പ്രതീക്ഷയിലാണ് പ്രദേശം.

കാപ്കോസ് ഹെഡ് ഓഫീസ് കെട്ടിട ശിലാസ്ഥാപനം 27ന്

വടകര: കടത്തനാട് പ്രവാസി ആൻഡ് ഫാമിലി വെൽഫെയർ ആൻഡ് ഡെവലപ്പ്മെന്റ് കോഓപ്പറേറ്റിവ് സൊസൈറ്റി പുതിയ ബസ് സ്റ്റാൻഡിനു സമീപം നിർമ്മിക്കുന്ന ഹെഡ് ഓഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം 27 ന് വടകര ടൗൺ ഹാളിൽ വെച്ച് നടക്കുമെന്ന് സംഘം പ്രസിഡണ്ട് അഡ്വ.ഐ മൂസ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഒരു കോടി 80 ലക്ഷം രൂപ ചിലവിൽ ആധുനിക സൗകര്യങ്ങളോടെ മൂന്നു നില കെട്ടിടമാണ് നിർമിക്കുന്നത്.രാവിലെ 11 മണിക്ക് നടക്കുന്ന ചടങ്ങിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കും.സംഘം നിർമിച്ചു നൽകുന്ന സ്നേഹ ഭവൻ പ്രഖ്യാപനം മുൻ കേന്ദ്ര മന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ നിർവ്വഹിക്കും.നിക്ഷേപം സ്വീകരിക്കൽ ഷാഫി പറമ്പിൽ എം പി യും,പ്രമുഖ പ്രവാസികളെ ആദരിക്കൽ അഡ്വ .കെ പ്രവീൺ കുമാർ എം എൽ എയും, സഹകാരികളെ ആദരിക്കൽ കെ.കെ രമ എം എൽ എ യും,ഡിവിഡന്റ് വിതരണം പാറക്കൽ അബ്ദുള്ള എം എൽ എ യും നിർവഹിക്കും.

ഉന്നത വിദ്യാഭ്യാസ രംഗത്തെ വിജയികളെ അഡ്വ.കെ ജയന്തും, കർഷകരെ കെ എം അഭിജിത്ത് എം എൽ എ യും ആദരിക്കും.ജില്ലാ ആശുപത്രിക്ക് കാപ്കോസ് നൽകുന്ന കാരുണ്യ ഹസ്തം നഗരസഭാ ചെയർമാൻ പി കെ ശശി നിർവഹിക്കും.സഹകരണ സംഘം ജില്ലാ ജോയന്റ് റജിസ്ട്രാർ ഷീജ കെ വായ്പാ വിതരണവും,വടകര സഹകരണ സംഘം അസിസ്റ്റന്റ് റജിസ്ട്രാർ പി സതീഷ് റിസ്ക് ഫണ്ട് വിതരണവും നിർവഹിക്കും. വേദിക വായനശാലക്ക് നൽകുന്ന പുസ്തക സമർപ്പണം കൽപ്പറ്റ നാരായണൻ നിർവഹിക്കും.എൻ സുബ്രമണ്യൻ ഷെയർ സർട്ടിഫിക്കറ്റ് വിതരണവും,അഡ്വ.പി എം നിയാസ് ചികിത്സാ ധന സഹായ വിതരണവും നിർവഹിക്കും.ചടങ്ങിൽ ജന പ്രതിനിധികൾ ,സഹകാരികൾ,വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ,വ്യാപാരി പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. വാർത്താ സമ്മേളനത്തിൽ വൈസ് പ്രസിഡണ്ട് തേറത്ത് കുഞ്ഞികൃഷ്ണൻ നമ്പ്യാർ,സെക്രട്ടറി പി കെ പ്രീത, ഡയറക്ടർ രമേശ് നൊച്ചാട്ട്,എൻ കെ രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.

ഇ.എസ്.എ പരിധിയിൽ നിന്നും ഒഴിവാക്കണം; നിവേദനം നൽകി

കുറ്റ്യാടി: നരിപ്പറ്റ പഞ്ചായത്തിലെ തിരൂർ, മരുതോങ്കര പഞ്ചായത്തിലെ ജാനകി കാട് പരിസരത്തെ ജനവാസ കേന്ദ്രം, കാവിലും പാറ മലയോര മേഖലയിലെ ജനവാസകേന്ദ്രങ്ങൾ ഉൾപെടെയുള്ള പ്രദേശങ്ങൾ ഇ എസ് എ. പരിധിയിൽ നിന്നും ഒഴിവാക്കി ജനങ്ങളുടെ ആശങ്ക പരിഹരിക്കണമെന്ന് ആവശ്യപെട്ട് കാവിലുംപാറ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കെ എം അഭിജിത്ത് എംഎൽഎക്ക് നിവേദനം നൽകി.

പ്രസിഡണ്ട് ജമാൽ കോരങ്കോട്ട്. കെപിസിസി അംഗം കെ ടി ജയിംസ്, ബ്ലോക്ക് ഭാരവാഹികളായ. കെ കൃഷ്ണൻ, ബീന ആലക്കൽ. സനൽ വക്കത്ത്, കോവുമ്മൽ അമ്മദ്, ജോൺസൺ പുഞ്ചവള്ളി, ഫിറോസ് കോരം കോട്ട്, മണ്ഡലം പ്രസിഡണ്ട് കക്കട്ടിൽ ശ്രീധരൻ, പി പി കെ നവാസ്, വിജയൻ വക്കത്ത്, ശ്രീനിവസൻ എന്നിവർ സാന്നിധ്യം വഹിച്ചു.

കൂരാച്ചുണ്ട് കാറ്റുള്ളമല നമ്പികുളം റോഡിൽ ജീപ്പ് മറിഞ്ഞു

കൂരാച്ചുണ്ട്: കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ ഉൾപ്പെടുന്ന കാറ്റുള്ളമല നമ്പികുളം റോഡിന്റെ വീതിക്കുറവ് വാഹനങ്ങൾക്ക് വലിയ അപകടഭീഷണിയാകുന്നു. കഴിഞ്ഞ ദിവസം ഈ പാതയിൽ ജീപ്പ് മറിഞ്ഞ് അപകടമുണ്ടായതോടെ പ്രദേശവാസികൾ വലിയ ഭീതിയിലാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഈ റോഡിന് രേഖകളിൽ എട്ട് മീറ്ററോളം വീതിയുണ്ട്. എന്നാൽ പ്രായോഗികമായി പല ഭാഗത്തും പാതയ്ക്ക് ആവശ്യമായ വീതിയില്ല. പാതയോരങ്ങൾ കാടുകയറിയും കൃത്യമായ സംരക്ഷണമില്ലാതെയും കിടക്കുന്നതാണ് റോഡിന്റെ വീതി കുറയാൻ കാരണമാകുന്നത്. പ്രകൃതിരമണീയമായ നമ്പികുളം ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ദിവസേന നൂറുകണക്കിന് വിനോദസഞ്ചാരികളാണ് ഇതുവഴി സഞ്ചരിക്കുന്നത്. എന്നാൽ ഇടുങ്ങിയ ഈ വഴിയിൽ എതിർദിശയിൽ നിന്ന് വാഹനങ്ങൾ വന്നാൽ സൈഡ് കൊടുക്കാൻ പോലും കഴിയാത്ത സാഹചര്യമാണ്. അൽപം ശ്രദ്ധ പാളിയാൽ വാഹനം താഴ്ചയിലേക്ക് മറിയുന്ന സ്ഥിതിയാണുള്ളത്. റോഡിന്റെ വീതി കൃത്യമായി അളന്നു തിട്ടപ്പെടുത്തി അതിരുകൾ നിശ്ചയിക്കുക, കാഴ്ചത്തടസ്സം സൃഷ്ടിക്കുന്ന കാടുകൾ വെട്ടിമാറ്റുക, അപകടസാധ്യതയുള്ള ഭാഗങ്ങളിൽ സംരക്ഷണ ഭിത്തികളും ക്രാഷ് ബാരിയറുകളും നിർമ്മിക്കുക എന്നിവ അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്.

● കാറ്റുള്ള മല നമ്പികുളം റോഡിൽ ജീപ്പ് മറിഞ്ഞ നിലയിൽ.

വരും ദിവസങ്ങളിൽ കൂടുതൽ ടൂറിസ്റ്റ് വാഹനങ്ങൾ എത്താൻ സാധ്യതയുള്ളതിനാൽ ഇനിയൊരു വൻ ദുരന്തത്തിന് കാത്തുനിൽക്കാതെ പഞ്ചായത്ത് അധികൃതർ ഇടപെടണം. റോഡ് പൂർണ്ണമായും നവീകരിച്ച് ഗതാഗതയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെയും യാത്രക്കാരുടെയും ശക്തമായ ആവശ്യം.

തിരുവമ്പാടിയിൽ മാർടെക്സ് ഓണം സമ്മാനോത്സവ് മെഗാ ബംമ്പർ നറുക്കെടുപ്പു സംഘടിപ്പിച്ചു

തിരുവമ്പാടി: കേരള മലനാട് മാർക്കറ്റിങ് സൊസൈറ്റി തിരുവമ്പാടിയുടെ സംരംഭമായ മാർടെക്സ് വെഡ്ഡിംഗ് സെന്റർ ഓണത്തോടനുബന്ധിച്ച് ഇടപാടുകാർക്കായി ഏർപ്പെടുത്തി വരുന്ന സമ്മാന പദ്ധതിയായ ഓണം സമ്മാനോത്സവ് 2026 ന്റെ മെഗാ ബംബർ നറുക്കെടുപ്പ് സംസ്ഥാന റവന്യു വകുപ്പ് മന്ത്രി എ. പി. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ, പ്രത്യേകിച്ച് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നെടുംതൂണായിട്ടാണ് സഹകരണ മേഖല നിലകൊള്ളുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ റവന്യു വകുപ്പ് മന്ത്രി എ. പി. അനിൽകുമാർ ചൂണ്ടിക്കാട്ടി.

● തിരുവമ്പാടി മാർടെക്സ് ഓണം ഓണ സമ്മാനോത്സവ് റവന്യൂ വകുപ്പ് മന്ത്രി എ.പി അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

പ്രസ്തുത ചടങ്ങിൽ വെച്ച് സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ലിറ്റിൽ ഫ്ലവർ യു.പി. സ്കൂൾ വേനപ്പാറ ഹെഡ്മാസ്റ്റർ ജെയിംസ് ജോഷിക്ക് നൽകുന്ന സ്വീകരണവും മന്ത്രി ഉദ്ഘാടനം ചെയ്തു. പൊന്നാട അണിയിച്ചും, മൊമെന്റോ നൽകിയും അവാർഡ് ജേതാവായ ജെയിംസ് ജോഷിയെ മന്ത്രി ആദരിച്ചു.സി. കെ. കാസിം എം. എൽ.എ. യുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മലനാട് മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റ് ബാബു പൈക്കാട്ടിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബിക മംഗലത്ത്, ഡി.സി.സി. ജനറൽ സെക്രട്ടറി എം.ടി. അഷറഫ്, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിതിൻ മാത്യു പല്ലാട്ട്, പുതുപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിജു താന്നിക്കാക്കുഴി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബോബി ഷിബു, ജില്ലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റ് വി. ഡി. ജോസഫ്, ജില്ലാ പഞ്ചായത്ത് മെമ്പർ രാജേഷ് ജോസ്, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. ആർ. അജിത പ്രസംഗിച്ചു.

കേര പദ്ധതി: റബ്ബർ പുനർനടീലിന് കർഷകർക്ക് പരിശീലനം നൽകി

കോഴിക്കോട്: കൃഷി വകുപ്പ് ലോക ബാങ്കിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യു ചെയിൻ മോഡേണൈസേഷൻ (കേര) പദ്ധതിയുടെ ആഭിമുഖ്യത്തിൽ റബ്ബർ പുനർനടീലുമായി ബന്ധപ്പെട്ട് കർഷകർക്കായി പരിശീലനവും രജിസ്ട്രേഷൻ പരിപാടിയും സംഘടിപ്പിച്ചു. താമരശേരി ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നവാസ് ഈർപ്പോണ ഉദ്ഘാടനം ചെയ്തു. കാർഷിക മേഖലക്ക് ഉണർവേകുന്നതിനും കർഷകർക്ക് ആശ്വാസമാകുന്നതിനും കേര പദ്ധതി പ്രവർത്തനങ്ങൾ മാതൃകാപരമായ വഴികാട്ടിയാകുമെന്ന് അദ്ദേഹം പറഞ്ഞു. എളേറ്റിൽ വലിയപറമ്പിൽ എളേറ്റിൽ റബ്ബർ ഉത്പാദക സംഘം പ്രസിഡന്റ് എൻ.ജെ.ജോർജ് അധ്യക്ഷത വഹിച്ചു. കേര പദ്ധതിയെക്കുറിച്ച് കേര പ്രോജക്ട് ഡെപ്യൂട്ടി റീജിയണൽ പ്രോജക്ട് ഡയറക്ടർ (നോർത്ത്) ഷീന വിശദീകരിച്ചു. റബ്ബർ ബോർഡ് അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ സി.ശോഭന, കോഴിക്കോട് റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ മനോജ് ജോസ് എന്നിവർ സംസാരിച്ചു. കേര പുനർനടീൽ പദ്ധതിയെക്കുറിച്ച് ജൂനിയർ കോഓപ്പറേറ്റീവ് ഇൻസ്പെക്ടർ പി.പി. ഗംഗാധരൻ ക്ലാസെടുത്തു. പുനർനടീലിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് റബ്ബർ ബോർഡ് മുക്കം ഫീൽഡ് ഓഫീസർ ജിബിൻ ജോൺസൺ ക്ലാസെടുത്തു. കേര നോർത്ത് ആർ.പി.എം.യു. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ മുഹമ്മദ് ഇക്ബാൽ സ്വാഗതവും കേര ഫീൽഡ് ഓഫീസർ ഗീതിക മനോജ് നന്ദിയും പറഞ്ഞു.

● കൃഷി വകുപ്പിന്റെ കേര പദ്ധതിയുടെ ആഭിമുഖ്യത്തിൽ താമരശേരി ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന റബ്ബർ കർഷക പുനർനടീൽ പരിശീലന പരിപാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നവാസ് ഈർപ്പോണ ഉദ്ഘാടനം ചെയ്യുന്നു.

കാലാവസ്ഥാ അനുയോജ്യമായ റബ്ബർ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി കേര പദ്ധതിയിലൂടെ കർഷകർക്ക് ഹെക്ടറിന് 75,000 രൂപ ധനസഹായം അനുവദിക്കും. ഒരു കർഷകന് പരമാവധി രണ്ട് ഹെക്ടർ വരെയാണ് ധനസഹായം ലഭിക്കുക. നൂറോളം കർഷകർ പരിശീലനത്തിൽ പങ്കെടുക്കുകയും പുനർനടീലിനായുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തതായി കേര പദ്ധതി അധികൃതർ അറിയിച്ചു.

വല്ലത്തായ് കടവ് പാലം വെള്ളിയാഴ്ച നാടിന് സമർപ്പിക്കും

മുക്കം: കാരമൂലയിൽ ചെറുപുഴയ്ക്ക് കുറുകെ വല്ലത്തായ് കടവിൽ നിർമ്മിച്ച പാലം വെള്ളിയാഴ്ച ഗതാഗതത്തിനായി താൽക്കാലികമായി തുറന്ന് കൊടുക്കും. പാലം പ്രവൃത്തി വൈകിയതും ഗതാഗതത്തിന് തുറന്ന് കൊടുക്കാത്തതും മൂലം നിരവധി പേർ പ്രയാസപ്പെടുന്ന സാഹചര്യമായിരുന്നു. ഇതോടെ എം.എൽ.എ സി.കെ. കാസിം കരാറുകാരോട് ആവശ്യപ്പെട്ടതനുസരിച്ച് നടപടികൾ വേഗത്തിലാക്കുകയായിരുന്നു.പ്രവൃത്തികൾ വിലയിരുത്താനായി എം എൽ എ സ്ഥലം സന്ദർശിച്ചു. പാലം പണി തുടങ്ങിയതു മുതൽ യാത്രാ മാർഗം അടഞ്ഞുപോയ നാട്ടുകാരുടെ ദുരിതം കണക്കിലെടുത്താണ് എത്രയും പെട്ടെന്ന് യാത്രയ്ക്ക് തുറന്നു കൊടുക്കാൻ നിർദ്ദേശിച്ചത്.

● ചെറുപുഴക്ക് കുറുകെയുള്ള വല്ലത്തായ് പാറ കോൺക്രീറ്റ് പാലം.

2024 ജനുവരിയിലാണ് പാലം പ്രവൃത്തി തുടങ്ങിയത്.പല കാരണങ്ങളാൽ പ്രവൃത്തി മന്ദഗതിയിലും. ഇടയ്ക്ക് നിലച്ചുമൊക്കെ നീണ്ടുപോവുകയായിരുന്നു .കടവിൽ നേരത്തേ ഉണ്ടായിരുന്ന വെന്റ്പൈപ്പ് പാലത്തിന് ഉയരംവളരെ കുറുവായിരുന്നു. ഇതുമൂലം മഴക്കാലമായാൽ പാലം ദിവസങ്ങളോളം വെള്ളത്തിനടിയിലാവും. ഈ റൂട്ടിൽ ഗതാഗതവും മുടങ്ങുമായിരുന്നു.

സി.കെ കാസിം എം എൽ എ യോടൊപ്പം ഗ്രാമ പഞ്ചായത്ത് മെമ്പർ മുസീർ പട്ടാംകുന്നൻ, പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡന്റ് പി.എം. സുബൈർ ബാബു ,സലീം വെള്ളലശേരി,മനാഫ് ഒറുവിങ്ങൽ, കെ.പിമുജീബ്, ശിഹാബ് ഉമ്മിണിയിൽ, കാരാട്ട് ശ്രീനിവാസൻ , പിടി യൂസുഫ്, ബഷീർ കീലത്ത്, ഉസ്മാൻ പുളിക്കൽ എന്നിവരും സ്ഥലത്തെത്തി.

കായണ്ണയിൽ അടച്ചിട്ട സഹകരണ ബാങ്കിൽ തീപിടിത്തം

കായണ്ണ: കായണ്ണ ബസാർ അങ്ങാടിയിൽ പ്രവർത്തിക്കുന്ന കാർഷിക വികസന തൊഴിലാളി സഹകരണ ബാങ്കിനുള്ളിൽ നിന്ന് ശക്തമായ പുക ഉയർന്നത് നാട്ടുകാരിൽ നിമിഷങ്ങളോളം ഭീതി പരത്തി. തിങ്കളാഴ്ച ഉച്ചയ്ക്ക് മൂന്നു മണിയോടെയായിരുന്നു സംഭവം.

അടച്ചിട്ട ബാങ്കിന്റെ ജനലുകൾക്കിടയിലൂടെയും മറ്റും പുക പുറത്തേക്ക് വരുന്നത് സമീപത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ ശ്രദ്ധയിൽപ്പെടുകയായിരുന്നു. ഉടൻതന്നെ ഓട്ടോ തൊഴിലാളികളും പ്രദേശവാസികളും ചേർന്ന് ബാങ്ക് അധികൃതരെയും പേരാമ്പ്ര ഫയർഫോഴ്സിനെയും വിവരമറിയിച്ചു. അപകടത്തിന്റെ വ്യാപ്തി കുറയ്ക്കാൻ ബാങ്കിലേക്കുള്ള വൈദ്യുതിയുടെ മെയിൻ സ്വിച്ച് നാട്ടുകാർ ചേർന്ന് ഉടൻതന്നെ ഓഫ് ചെയ്തു. ഇത് വലിയൊരു തീപ്പിടിത്തം ഒഴിവാക്കാൻ സഹായകമായി.പേരാമ്പ്ര പോലീസും സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു.

പുലിയെ കണ്ടെത്താൻ തെർമൽ ഡ്രോൺ പരിശോധന തുടങ്ങി

നാദാപുരം: കുമ്മങ്കോട് വിദ്യാർത്ഥിയെയും ഉമ്മാമയെയും ആക്രമിച്ച പുലിയെ കണ്ടെത്തുന്നതിന് വേണ്ടി തെർമൽ ഡ്രോൺ പരിശോധന ആരംഭിച്ചു. ഇന്നലെയാണ് വിദഗ്ധ പരിശോധന തുടങ്ങിയത്. കൂടു വെച്ചു പിടിക്കാനുള്ള ശ്രമമായിരുന്നു ആദ്യം നടത്തിയത്.

വിശാലമായ ഏരിയയിൽ ജീവി സ്ഥലം മാറി പോകാനുള്ള സാധ്യത കണക്കിലെടുത്താണ് പരിശോധന നടത്തുന്നത്. അതെ സമയം പ്രദേശത്തുള്ളത് പുലിയാണെന്നുള്ളതിന് ഔദ്യോഗിക സ്ഥിരീകരണം ഇനിയും വന്നിട്ടില്ല. പ്രദേശത്ത് ഇറങ്ങിയത് പുലി തന്നെയാണെന്നാണ് നാട്ടുകാർ പറയുന്നത്. പുലിയുടെതിന് സമാനമായ മൃഗം നടന്ന് പോകുന്ന സിസിടിവി ദൃശ്യങ്ങൾ കഴിഞ്ഞ ദിവസം പുറത്ത് വന്നിരുന്നു.

പ്രദേശത്തെ ഒരു വീടിന്റെ മുറ്റത്തുകൂടി പുലിയെ പോലെയുള്ള ജീവി നടന്നുനീങ്ങുന്ന സിസിടിവി ദൃശ്യങ്ങളാണ് പ്രചരിക്കുന്നത്. കഴിഞ്ഞ ദിവസം ആക്രമണത്തിന് ഇരയായ സിനാൻ ആശുപത്രിയിൽ സുഖം പ്രാപിച്ചു വരികയാണ്. സംഭവത്തെ തുടർന്ന് പരിസരത്ത് വനം വകുപ്പിന്റെ പരിശോധന ശക്തമായി തുടരുകയാണ്.

बैंक ऑफ़ बड़ौदा
Bank of Baroda

മഞ്ചേരി ശാഖ, P B No:40, ഒന്നാം നില, ഹോട്ടൽ കൃഷ്ണ ബിൽഡിംഗ്, കോർട്ട് റോഡ്, മഞ്ചേരി-676121, മലപ്പുറം,
PH: +91483 276 7023. Mob: +919446 899 869
ഇ-മെയിൽ: MANJER@BANKOFBARODA.COM

ജംഗമ വസ്തുവിനെ സംബന്ധിച്ച ലേല വിൽപ്പന നോട്ടീസ്

അനുബന്ധം –IV-A (നിയമവ്യവസ്ഥ 6(2) & 8(6) പ്രകാരം)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 6(2) & 8(6) പ്രകാരമുള്ള ജംഗമ വസ്തുവിന്റെ ഇ-ലേല വിൽപന നോട്ടീസ്

വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിട്ടുള്ള ജംഗമ വസ്തു "As is where is", "As is what is" & "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/പണയക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/പണയക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ-ലേല തീയതിയും സമയവും നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാർ/പണയക്കാരുടെ പേരും വിലാസവും: ശ്രീ. റിജേഷ് വി എം, വട്ടക്കാവിൽ, താഴെകക്കാട്, കക്കാടംപൊയിൽ, കൂടരഞ്ഞി, കോഴിക്കോട്- 673604

കുടിശ്ശിക തുക: രൂപ 46,44,181.28 (നാൽപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി ഒരുനൂറ്റി എൺപത്തി ഒന്ന് രൂപ ഇരുപത്തി എട്ട് പൈസ) യും 27.10.2025 മുതലുള്ള പലിശയും മറ്റ് ചെലവുകളും

ജംഗമ വസ്തുവിന്റെ വിശദവിവരണം (ബാധ്യതയുണ്ടെങ്കിൽ അതുൾപ്പെടെ): ശ്രീ. റിജേഷ് വി എം പേരിലുള്ള പണയപ്പെടുത്തിയ **TATA PRIMA 3530 TK**, രജിസ്ട്രേഷൻ നം. **KL57AB5355**, ചേസിസ് നം. **MAT714302R3D11348**, എഞ്ചിൻ നം. **7B62300D03142D64377045.**
ബാധ്യതകൾ : ബാങ്കിന്റെ അറിവിൽ ഇല്ല.

കരുതൽ വില:	നിരതദ്രവ്യം:	ലേല വർദ്ധന തുക:
രൂപ 31,50,000/-	രൂപ 3,15,000/-	രൂപ 10,000/-

കൈവശമെടുത്ത രീതി (ക്രിയാത്മകം/പ്രത്യക്ഷം): **പ്രത്യക്ഷമായി**

വസ്തു പരിശോധന തീയതിയും സമയവും: 14-10-2026ന് ഉച്ചയ്ക്ക് 1.00 മണിക്ക്

ഇ-ലേല വിൽപ്പന തീയതിയും സമയവും: 17-10-2026 ന് ഉച്ചയ്ക്ക് 2:00 മണി മുതൽ വൈകിട്ട് 6:00 മണി വരെ

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി https://www.bankofbaroda.in/e-auction.htm വെബ്സൈറ്റ് ലിങ്ക് & ഓൺലൈൻ ഓക്ഷൻ പോർട്ടലായ https://www.baanknet.com സന്ദർശിക്കുക. താൽപര്യമുള്ള ലേലാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥനെ, Tel No: 0483-2767023, Mobile No. 9446899869/6238042114 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

തീയതി :19-09-2026
സ്ഥലം :മഞ്ചേരി

(ഒപ്പ്) ചീഫ് മാനേജർ & അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ബാങ്ക് ഓഫ് ബറോഡ

OMKARA
ASSETS RECONSTRUCTION Pvt. Ltd.

OMKARA ASSETS RECONSTRUCTION PVT. LTD.
CIN: U67100TZ2014PTC020363
Regd. Office: 9, M.P. Nagar, 1st Street, Kongu Nagar Extn, Tirupur – 641607.
Corporate Office: Kohinoor Square, 47th Floor, N.C.Kelkar Marg, R. G. Gadkari Chowk, Dadar (West), Mumbai – 400028. Tel: 022-6923 1111

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്ട് പ്രകാരവും, 20022ലെ സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ ചട്ടം 8(6) (ഒപ്പം 9(1))അനുസരിച്ചുമുള്ള, സ്ഥാവര, ജംഗമ വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്

പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് വായ്പക്കാർക്കും ജാമ്യക്കാർക്കും ഇതിനാൽ നോട്ടീസ് നൽകുന്നു; സുരക്ഷിത കടദാതാവിന് പണയപ്പെടുത്തിയി/ ചാർജ് ചെയ്തിട്ടുള്ളതും, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഭൗതിക കൈവശം എടു ത്തതുമായ താഴെ വിവരിക്കുന്ന സ്ഥാവര വസ്തുക്കൾ, ബന്ധപ്പെട്ട വായ്പക്കാർ, സഹവായ്പക്കാർ, ജാമ്യക്കാർ/ മോർട്ട്ഗേജർമാർ എന്നിവരിൽ നിന്നും സുരക്ഷിത കടദാതാവായ ഓംകാര അസറ്റ്സ് റീകൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡിന് (OARPL) ലഭിക്കാനുള്ള കുടിശ്ശിക താഴെയുള്ള പട്ടികയിൽ പറഞ്ഞിട്ടുള്ളത്ഈടാക്കുന്നതിനായി, 'എവിടെയാണോ അവിടെ', 'എങ്ങനെയുള്ളതാണോ അങ്ങനെ', 'എന്താണോ അവിടെയുള്ളത്', 'തിരിച്ചു ചോദിക്കാൻ അവകാശമില്ലാതെ' എന്നീ വ്യവസ്ഥകളിൽ വിൽപന നടത്തുന്നതാണ്. ബന്ധപ്പെട്ട വസ്തുവിന്റെ റിസർവ് വിലയും അേണസ്റ്റ് മണി ഡെപ്പോസിറ്റും താഴെ പരാമർശിച്ചിട്ടുണ്ട്. ഹീറോ ഫിൻകോർപ്പ് ലിമിറ്റഡ് (യഥാർത്ഥ ലെൻഡർമാർ) താഴെ പറയുന്ന കടക്കാരുടെ കടങ്ങൾ ഇന്ത്യ റീസർജൻസ് എആർസി ട്രസ്റ്റ് IV ന്റെ ട്രസ്റ്റിയായി പ്രവർത്തിക്കുന്ന ഇന്ത്യ റീസർജൻസ് എആർസി പ്രൈവറ്റ് ലിമിറ്റഡിന് (IRAPL) അസൈൻ ചെയ്തിരുന്നു. കൂടാതെ, 16.08.2024 ലെ സെക്യൂരിറ്റി റെസീപ്റ്റ് പർച്ചേസ് അഗ്രിമെന്റ് പ്രകാരം, IRAPLന് പകരമായി OARPL മേൽപ്പറഞ്ഞ ട്രസ്റ്റിന്റെ ട്രസ്റ്റിയായി മാറുകയും, ഇപ്പോൾ അസൈനറുടെ സ്ഥാനത്ത് വരികയും കുടിശ്ശിക ഈടാക്കാനും സെക്യൂരിറ്റി നടപ്പിലാക്കാനും അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു;
ലോട്ട് 1

1. കടം വാങ്ങിയയാൾ / സഹ-കടം വാങ്ങിയവർ: പാലാട്ട് എൻജിനീയേഴ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ശ്രീ. സജിത് ലാൽ പി., ശ്രീമതി ഭവാനി ചാട്ടുക്കുട്ടി, ശ്രീമതി സരിത ചാട്ടുക്കുട്ടി, ശ്രീമതി കവിത പാലാട്ട്, ശ്രീ. ബവ ഇ., ശ്രീ. രാജീവ് എം.
2. SARFAESI ആക്ട് വകുപ്പ് 13(2) പ്രകാരമുള്ള ഡിമാൻഡ് നോട്ടീസിന്റെ തീയതി: 09.08.2019.
3. SARFAESI ആക്ട് വകുപ്പ് 13(4) പ്രകാരമുള്ള കൈവശാവകാശ തീയതി: 13.09.2021
4. 31.08.2026 വരെയുള്ള കുടിശ്ശിക: 9,51,78,684/ രൂപ (ഇന്ത്യൻ രൂപ ഒമ്പത് കോടി അമ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തെട്ടായിരത്തി അറന്നൂറ്റി എൺപത്തിനാല് രൂപ മാത്രം).
5. വസ്തുവിന്റെ വിവരണം

കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കച്ചേരി വില്ലേജിൽ, കോഴിക്കോട് കോർപ്പറേഷനിൽ, റീ സർവെ നമ്പർ 5-5-156-ൽ പെട്ട, കെട്ടിടത്തോടു കൂടിയ 16.69 സെന്റ് സ്ഥലവും അതിനോട് അനുബന്ധി ച്ചുള്ള വയും. അതിരുകൾ (ആധാരപ്രകാരം): കിഴക്ക് : ബാക്കി വസ്തു പടിഞ്ഞാറ് : വഴി വടക്ക് : രാമന്റെ വസ്തു തെക്ക് : വഴി ഉടമസ്ഥത ശ്രീമതി ഭവാനി ചട്ടുക്കുട്ടി.	കോഴിക്കോട് ജില്ല, പിൻ - 673020, കോഴിക്കോട് താലൂക്ക്, വെങ്ങളൂർ വില്ലേജിൽ, സർവെ നമ്പർ 72/6, റീ സർവെ നമ്പർ 590/5ൽ പെട്ട, കെട്ടിടത്തോ ടുകൂടിയ 1.60 ആർ (3.95 സെന്റ്) സ്ഥലവും അതിനോട് അനുബ ന്ധിച്ചുള്ളവയും. അതിരുകൾ (ആധാരപ്രകാരം): കിഴക്ക് : 5 അടി വീതിയുള്ള വഴി പടിഞ്ഞാറ് : സതിദേവിയുടെ വസ്തു വടക്ക് : ചന്ദ്രന്റെ വസ്തു തെക്ക് : ഭവയുടെ വസ്തു ഉടമസ്ഥത: ശ്രീ. രാജീവ്.	കോഴിക്കോട് ജില്ല, പിൻ - 673020, കോഴിക്കോട് താലൂക്ക്, വെങ്ങളൂർ വില്ലേജിൽ, സർവെ നമ്പർ 72/6, റീ സർവെ നമ്പർ 590/5ൽ പെട്ട, കെട്ടിടത്തോടുകൂടിയ 1.60 ആർ (3.95 സെന്റ്) സ്ഥലവും അതിനോട് അനുബന്ധിച്ചുള്ളവയും. അതിരുകൾ (ആധാരപ്രകാരം): കിഴക്ക് : 5 അടി വീതിയുള്ള വഴി പടിഞ്ഞാറ് : സതിദേവിയുടെ വസ്തു വടക്ക് : രാജീവിന്റെ വസ്തു തെക്ക് : ഓവു ചാൽ ഉടമസ്ഥത: ശ്രീ. ബവ.
6. റിസർവ് വില		
(RP)INR 1,01,00,000/- (ഇന്ത്യൻ രൂപഒരു കോടി ഒരു ലക്ഷം രൂപ മാത്രം).	INR 23,49,000/- (ഇന്ത്യൻ രൂപ ഇരുപത്തിമൂന്ന് ലക്ഷത്തി നാലപത്തി യൊൻപനായിരം രൂപ മാത്രം).	23,49,000/- (ഇന്ത്യൻ രൂപ ഇരുപത്തിമൂന്ന്ലക്ഷത്തി നാല്പത്തി യൊൻപനായിരം രൂപ മാത്രം).
7. നിരതദ്രവ്യം (EMD)		
INR 10,10,000/- (ഇന്ത്യൻ രൂപ പത്ത്ലക്ഷത്തി പതിനായിരം രൂപ മാത്രം)	INR 2,34,000/- (ഇന്ത്യൻ രൂപ രണ്ട് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം).	INR 2,34,000/- (ഇന്ത്യൻ രൂപ രണ്ട് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം).
8.കുറഞ്ഞ ലേല തുക വർദ്ധനവ്		
Rs. 1,00,000 (ഇന്ത്യൻ രൂപ ഒരു ലക്ഷം രൂപ മാത്രം).	Rs. 50,000 (ഇന്ത്യൻ രൂപ അമ്പനായിരം രൂപ മാത്രം).	Rs. 50,000 (ഇന്ത്യൻ രൂപ അമ്പനായിരം രൂപ മാത്രം)

9. പരിശോധനാ തീയതിയും സമയവും: 28.09.2026, രാവിലെ 11:00 മണി മുതൽ ഉച്ചയ്ക്ക് 12:00 മണി വരെ.
10. EMD അടയ്ക്കുന്നതിനും ലേല അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള അവസാന തീയതി: 12.10.2026, വൈകുന്നേരം 5:00 മണി വരെ.
11. ഇ - ലേല തീയതിയും സമയവും 14.10.2026, രാവിലെ 11:00 മണി മുതൽ ഉച്ചയ്ക്ക് 01:00 മണി വരെ.
12. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ:

ബാങ്കിന്റെ പേര്	അക്കൗണ്ട് ഉടമയുടെ പേര്	ബാങ്ക് അക്കൗണ്ട് നമ്പർ	IFSC കോഡ്
എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്	India Resurgence ARC Trust IV	57500000341064	HDFC0000060

ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും:

വിൽപ്പനയുടെ വിശദമായ നിബന്ധനകളും വ്യവസ്ഥകൾക്കും http://omkaraarc.com/auction.php](http://omkaraarc.com/auction.php ഒപ്പം/അല്ലെങ്കിൽ https://www.auctionbazaar.com/](https://www.auctionbazaar.com/ എന്നീ ലിങ്കുകൾ പരിശോധിക്കുക. ലേലം OARPL വഴി ഓൺലൈനായി നടത്തുന്നതാണ്. ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി (ഓൺലൈ നായും ഹാർഡ് കോപ്പിയായും) മുകളിൽ നൽകിയിട്ടുള്ള തീയതിയും സമയവും പ്രകാരമായിരിക്കും. ഇഎംഡിഅടയ്ക്കുകയും ലോഗിൻ ഐഡിയും പാസ്വേഡും സൃഷ്ടിക്കുന്നതിനും, ഡാറ്റ അപ്ലോഡ് ചെയ്യൽ, ബിഡ് സമർപ്പിക്കൽ, ഇ-ലേല പ്രക്രിയയെക്കുറിച്ചുള്ള പരിശീലനം എന്നിവയിൽ സഹായം ആവശ്യമുള്ള ഉദ്ദേശിത ലേലക്കാർക്ക് ഇ-ലേല സേവന ദാതാവായ 'M/s. ARCA EMART Pvt. Ltd.", സപ്പോർട്ട് ലാൻഡ്ലൈൻ നമ്പർ/മൊബൈൽ നമ്പർ: 8370969696, ഹെൽപ്പ്ലൈൻ ഇ-മെയിൽ ഐഡി: contact@auctionbazaar.com / support@auctionbazaar.com, ബന്ധപ്പെടേണ്ട വ്യക്തി: മിസ്സിസ് എം. കിരൺമയി, മൊബൈൽ നമ്പർ: 7997043999, ഇമെയിൽ: kiran@auctionbazaar.com എന്നിവരെ ബന്ധപ്പെടാവുന്നതാണ്. കൂടാതെ വസ്തുവുമായി ബന്ധപ്പെട്ട ഏത് സംശയങ്ങൾക്കും അംഗീകൃത ഉദ്യോഗസ്ഥനായ മിസ്റ്റർ ഹർഷവർദ്ധൻ കദം (മൊബൈൽ: 9819058003), ഇമെയിൽ: harshwardhan.kadam@omkaraarc.com എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ലെ റൂൾ 8(6) R/W 9(1) പ്രകാരമുള്ള വിൽപ്പനയ്ക്കുള്ള സ്റ്റാറ്റ്യൂട്ടറി നോട്ടീസ്

ഈ നോട്ടീസ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ലെ റൂൾ 8(6) R/W 9(1) പ്രകാരവും, ഫിനാൻഷ്യൽ അസറ്റുകളുടെ സെക്യൂരിറ്റൈസേഷനും റീകൺസ്ട്രക്ഷനും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് ആക്റ്റ്, 2002-ലെ വ്യവസ്ഥകൾ പ്രകാരവും കടക്കാരന് (കടക്കാർക്ക്) നൽകുന്ന 15 (പതിനഞ്ച്) ദിവസത്തെ നിർബന്ധിത നോട്ടീസ് കൂടിയാണ്. മുകളിൽ സൂചിപ്പിച്ച തീയതിയിലും സമയത്തിലും ഇ-ലേലം വഴി ലേലം/വിൽപ്പന നടത്തുന്ന വിവരം ഇവരെ അറിയിക്കുന്നതോടൊപ്പം, മുകളിൽ പരാമർശിച്ചിട്ടുള്ള കുടിശ്ശിക തുകയും ചെലവുകളും സഹിതം അടച്ചുതീർത്ത് താൽപര്യമുണ്ടെങ്കിൽ ആസ്തികൾ തിരിച്ചെടുക്കാനുള്ള ഉപദേശവും ഇതിലൂടെ നൽകുന്നു. തുക നൽകുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, 2002-ലെ റൂൾ 8 (5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും മാർഗ്ഗങ്ങൾ ഉപയോഗിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ/സുരക്ഷിത കടദാതാവിന്റെ വിവേചനാധികാരപ്രകാരം വസ്തു വിൽപന നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ 2016-ലെ ഇൻസോൾവൻസി ആൻഡ് ബാർക്രപ്റ്റ്സി കോഡിന്റെ 29എ സെക്ഷൻ പ്രകാരം പാലിക്കുകയും പ്രഖ്യാപനം നൽകുകയും ചെയ്യേണ്ടതാണ്.

Sd/-

തീയതി : 23.09.2026
സ്ഥലം : മുംബൈ

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ഓംകാര അസറ്റ്സ് റീകൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്.
(ഇന്ത്യ റീസർജൻസ് എആർസി ട്രസ്റ്റ് IV ന്റെ ട്രസ്റ്റിയെന്ന നിലയിൽ പ്രവർത്തിക്കുന്നു)